SOCIAL JUSTICE DEPARTMENT
care, protection & empowerment

കേരള സർക്കാർ

മഴവില്ല്
ട്രാൻസ്ജെന്റർ സമൂഹത്തിന് വേണ്ടിയുള്ള സമഗ്ര പദ്ധതി

ലിംഗനീതിയുടെ പുതിയ ചക്രവാളത്തിലേക്ക്

ഇന്ത്യൻ ഭരണഘടന മുന്നോട്ടു വയ്കുന്ന ലിംഗനീതിയും ലിംഗസമത്വവും അനുഭവിക്കാൻ കഴിയാതെ പോകുന്ന വിഭാഗമെന്ന നിലയിൽട്രാൻസ്ജെൻഡർ വ്യക്തികൾ എല്ലാ അർത്ഥത്തിലും പ്രത്യേക പരിഗണന അർഹിക്കുന്നു. ഇത്തരം വ്യക്തികളോട് സമൂഹത്തിനുള്ള അവഗണനയും അവർ അനുഭവിക്കുന്ന ഉൾവലിയലുംഇല്ലാതാക്കാൻ ബോധപൂർവമുള്ള ഇടപെടൽ സമൂഹത്തിൽ ആവശ്യമാണ്.2014 ഏപ്രിൽ 14ലെ സുപ്രീം കോടതിയുടെ വിധി ചരിത്രത്തിലെ മറ്റൊരു നാഴികക്കല്ലായിരുന്നു.അതിന്റെ അടിസ്ഥാനത്തിലാണ് കേരളം ട്രാൻസ്ജെൻഡർ നയം നടപിലാക്കുന്ന രാജ്യത്തെ ആദ്യ സംസ്ഥാനമായി മാറിയതും.

കേരള സംസ്ഥാന സാമൂഹ്യ നീതി വകുപ്പിന്റെ കീഴിൽ ട്രാൻസ്ജെൻഡർ സൗഹാർദ്ദപരമായനിരവധി പദ്ധതികൾ ആവിഷ്കരിച്ചു വരുന്നു.പാർശ്വവൽകരിക്കപെട്ട ഒരു വിഭാഗമെന്ന നിലയിൽ അവരുടെ അവകാശങ്ങളും സംരക്ഷികപ്പെടേണ്ടത് അനിവാര്യമാണ്. അതുകൊണ്ട്തന്നെ വകുപ്പിന്റെ കീഴിൽ നിരവധി സേവനങ്ങളും പദ്ധതികളും ഇന്ന് നിലവിലുണ്ട്.ഇവ സമയബന്ധിതമായ് നടപ്പിലാക്കി ട്രാൻസ്ജെൻന്റെർ വ്യക്തികളെ സമൂഹത്തിന്റെ മുഖ്യധാരയിലെത്തിക്കാനുംഅതുവഴിസാമൂഹികപരമായും,സാംസ്കാരികപരമായും,സാമ്പത്തികപരമായും ഉള്ള ഉന്നമനം കൈവരിക്കാനും അവരെ പ്രപ്തരാക്കുക എന്ന ലക്ഷ്യം പൂർത്തീകരിക്കേണ്ടതുണ്ട് .

ഭരണഘടന മൂല്യങ്ങൾ ജീവിത സംസ്കാരമായ് മാറുന്ന ഒരു സമൂഹത്തെ സൃഷ്ടിക്കാൻ കേരളത്തിൽ ഇത്തരം പദ്ധതികളും സേവനങ്ങളും കൊണ്ട് സാധിക്കുമെന്ന ശുഭാപ്തിവിശ്വാസം വകുപ്പിനുണ്ട്.

സന്ദേശം

ട്രാൻസ്ജൻഡർ വ്യക്തികളെ സമൂഹത്തിന്റെ മുഖ്യധാരയിലെത്തിക്കാനും അവർക്ക് തുല്യനീതി ഉറപ്പാക്കാനും സംസ്ഥാന സർക്കാർ ഒട്ടേറെ പരിപാടികൾ നടപ്പാക്കി വരികയാണ്. രാജ്യത്ത് ആദ്യമായി ട്രാൻസ്ജൻഡർ നയം നടപ്പാക്കിയ സംസ്ഥാനമാണ് കേരളം. സാമൂഹികമായും സാംസ്കാരികമായും സാമ്പത്തികമായും ട്രാൻസ്ജൻഡറുകളുടെ ഉന്നമനം ലക്ഷ്യമിടുന്നതാണ് സർക്കാരിന്റെ നയം. ഈ ദിശയിലാണ് 'മഴവില്ല്' പരിപാടി സാമൂഹ്യ നീതി വകുപ്പ് നടപ്പാക്കുന്നത്. ആശംസകൾ.

പിണറായി വിജയൻ

സന്ദേശം

സാമൂഹ്യനീതി വകുപ്പ് ട്രാൻസ്ജെൻഡർ സമൂഹത്തിന്റെ ഉന്നമനത്തിനായി ആവിഷ്കരിച്ച് നടപ്പിലാക്കുന്ന 'മഴവില്ല്' എന്ന പദ്ധതിയുടെ ഭാഗമായി പുതിയ 5 ക്ഷേമ പദ്ധതികൾക്ക് തുടക്കം കുറിക്കുകയാണ്. നമ്മുടെ പൊതുസമൂഹവും, കുടുംബങ്ങളും ട്രാൻസ്ജെൻഡർ വ്യക്തികളെ മനസ്സിലാക്കുവാനും, അവരെ ചേർത്ത് പിടിക്കാനും തയ്യാറാകേണ്ടതുണ്ട്. സംസ്ഥാനത്തിന്റെ സമഗ്രമായ പുരോഗതിയിലേക്ക് ട്രാൻസ്ജെൻഡർ മനുഷ്യരേയും കൈകോർത്തുകൊണ്ട് കേരള സർക്കാർ മുന്നോട്ട്.

കെ. കെ. ശൈലജ ടീച്ചർ

ട്രാൻസ്ജെൻഡർ ക്ഷേമത്തിനായി സാമൂഹ്യനീതി വകുപ്പ് നടപ്പിലാക്കിവരുന്ന പദ്ധതികൾ

തിരിച്ചറിയൽ കാർഡ് വിതരണം

ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് തങ്ങളുടെ സ്വത്വം വെളിപ്പെടുത്തുന്നതിനായി യാതൊരു രേഖയും നിലവിലില്ലാത്ത സാഹചര്യത്തിൽ സർക്കാർ ഇടപെട്ടുകൊണ്ട് തിരിച്ചറിയൽ കാർഡ് നൽകാൻ തീരുമാനിച്ചിരിക്കുന്നു. ട്രാൻസ്ജെൻഡർ ഐ.ഡി കാർഡ് എന്ന് രേഖപ്പെടുത്തി, സ്വയം നിർണ്ണയിക്കുന്ന ജെൻഡറിലായിരിക്കും കാർഡ് നൽകുന്നത്.

സമന്വയ തുടർവിദ്യാഭ്യാസ പദ്ധതി

പാതി വഴിയിൽ വിദ്യാഭ്യാസം ഉപേക്ഷിക്കേണ്ടിവന്ന മുഴുവൻ ട്രാൻസ് ജെൻഡർ വ്യക്തികൾക്കും തുടർ വിദ്യാഭ്യാസം സാധ്യമാക്കുന്നതിനായി കേരള സംസ്ഥാന സാക്ഷരത മിഷൻ അതോറിറ്റി മുഖേന സർവ്വേ നടത്തുക ഉണ്ടായി. അദൃശ്യവൽക്കരിക്കപ്പെട്ടവരെ ദൃശ്യരാക്കി മാറുവാൻ തുടർ വിദ്യാഭ്യാസത്തിലൂടെ അവസരമൊരുക്കുന്ന പ്രസ്തുത പദ്ധതി, 'സമന്വയ' എന്ന പേരിൽ സാക്ഷരത മിഷനു മായി ബന്ധപ്പെട്ട് നടപ്പിലാക്കി വരുന്നു.

ബോധവല്കരണ പരിപാടികൾ

സമൂഹത്തിൽ പാർശ്വവൽകരിക്കപ്പെട്ടജനവിഭാഗങ്ങൾക്കു നേരെ തികഞ്ഞ അവഗണനയാണ് പലപ്പോഴും പൊതുസമൂഹം വച്ചുപുലർത്തുന്നത്. ഭരണഘടന അനുശാസിക്കുന്ന മൗലികാവകാശങ്ങൾ ട്രാൻസ്ജെൻഡർവ്യക്തികൾക്കും ലഭിക്കേണ്ടതാണ്. സംസ്ഥാനത്താക മാനം പോലീസ് ഉദ്യോഗസ്ഥ രെയും, സർക്കാർജീവന ക്കാരെയും, അധ്യാപകരെയും ഉൾപ്പെടുത്തി ബോധവൽ ക്കരണ പരിപാടികൾ ജില്ലാ തലത്തിൽ നടന്നുവരുന്നു.

ട്രാൻസ്ജെൻഡർ സ്കോളർഷിപ്

വിദ്യാഭ്യാസ പരമായി വളരെയധികം പിന്നോക്കം നിൽക്കുന്ന വിഭാഗമെന്ന നിലയിൽ ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് കൂടുതൽ പരിഗണന നൽകേണ്ടതിന്റെ ആവശ്യകത ഏറെ കൂടുതലാണ്. വിദ്യാഭ്യാസ സ്ഥപനങ്ങളിൽ നിന്നും അടിസ്ഥാന വിദ്യാഭ്യാസം പോലും പൂർത്തിയാക്കാൻ സാധിക്കാതെ പോയത് 58% പേരാണ് എന്ന് സർവ്വേയിൽ വ്യക്തമാണ്. നിലവിൽ പഠനം നടത്തിക്കൊണ്ടിരിക്കുന്ന ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് വിദ്യാഭ്യാസ സ്കോളർഷിപ് നൽകുന്ന പദ്ധതി നടപ്പിലാക്കിയിരിക്കുന്നു.

സംരംഭകത്വ വികസന പരിശീലന പരിപാടി

സംസ്ഥാനത്തെ ട്രാൻസ്ജെൻഡർ സമൂഹത്തിനു സ്ത്രീകൾക്കും പുരുഷന്മാർക്കും ഒപ്പം തുല്യമായ അവസരങ്ങളും അവകാശങ്ങളും ഉറപ്പാക്കേണ്ടതാണ്. പ്രസ്തുത ലക്ഷ്യം മുൻനിർത്തി അതിജീവനത്തിനു ഇവരെ പ്രാപ്തരാക്കുന്നതിനായ് സംരംഭ പരിശീലന ത്തിന് പദ്ധതി നടത്തിവരുന്നു. സർക്കാർ സ്ഥാപനമായ ഇ STED മുഖേനയാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്.

കെയർ ഹോം/സേഫ്റ്റി ഹോമുകൾ

കെയർ ഹോം/സേഫ്റ്റി ഹോമുകൾ കേരളത്തിലെ വിവിധ കമ്മ്യൂണിറ്റിബേസ്ഡ് ഒർഗനൈസേഷന്റെ കീഴിൽ പ്രവർത്തിക്കുന്നതായിരിക്കും .

സീറോ എച്ച് ഐ വി സർവൈലൻസ് സെന്റർ

സംസ്ഥാനത്ത് ആകെമാന മുള്ള ട്രാൻസ്ജൻഡർ സമൂഹ ത്തിന് തൊഴിൽ മേഖലയിലെ പിന്നോക്കാവസ്ഥ കാരണം സമൂഹം അംഗീകരിക്കാത്ത പല തൊഴിലുകളും ചെയ്യുന്ന തിന് പ്രേരിപ്പിക്കുന്ന സാഹ ചര്യം നിലവിലുണ്ട്. ഈ സാഹചര്യത്തിൽ HIV വിമുക്തമായ ഒരു സമൂഹം കെട്ടിപ്പടുക്കുക എന്ന ലക്ഷ്യത്തോടെ സാമൂഹ്യ ക്ഷേമ ബോർഡ് വഴി പദ്ധതി നടപ്പിലാക്കുന്നതിനു വകുപ്പ് നടപടികൾ പൂർത്തിയായിട്ടുണ്ട്.

24x7 ഹെല്പ് ലൈൻ

കമ്മ്യൂണിറ്റി കൗൺസിലറിന്റെ സേവനം ഏതു സമയത്തും പ്രശ്നങ്ങൾ അഭിമുഖീകരിക്കുന്ന വ്യക്തിക്ക് ലഭിക്കുന്നതാണ്. പോലീസിന്റെ സേവനം അത്യാവശ്യമായിടത്ത് എത്തിക്കുവാനും ഇതുവഴി സാധിക്കുന്നതാണ് . ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് നേരെ നടക്കുന്ന അതിക്രമങ്ങൾ കാര്യ ക്ഷമമായി ക്രോഡീകരി ക്കാനും, വേണ്ടതരത്തിൽ നിയമനടപടികൾ കൈക്കൊള്ളാനും സാധിക്കുന്നതാണ്.

ബ്യൂട്ടീഷൻ പരിശീലന കോഴ്സ്

കേരളത്തിലെ ട്രാൻസ്ജെൻഡർ വ്യക്തികളുടെ ഉന്നമനത്തിനു വേണ്ടി പ്രവർത്തിക്കുന്ന സംഘടനയായ ട്രാൻസ്ജെൻഡേഴ്സ് ആർട്സ് ആൻഡ് ചാരിറ്റബിൽ സോസൈറ്റിയും സാമൂഹ്യ നീതി വകുപ്പും സംയുക്ത മായി നടത്തുന്ന ബ്യൂട്ടീഷൻ കോഴ്സ് ആണ് ഈ അക്കാദമിയിലൂടെ ലക്ഷ്യ മിടുന്നത്. പരിശീലന പരിപാടിയുടെ കാലാവധി മൂന്നു മാസമായിരിക്കും. പ്രതിമാസം ഒരു നിശ്ചിത തുക സ്റ്റൈഫന്റ് ആയി നൽകുന്നതാണ്.

തയ്യൽ മെഷീൻ വിതരണ പദ്ധതി

നിലവിൽ പല വിധത്തിലുള്ള വിവേചനങ്ങൾക്കും, അവകാശലംഘനങ്ങൾക്കും വിധേയരാകേണ്ടി വരുന്ന ട്രാൻസ്ജൻഡർ സമൂഹത്തിന് പ്രത്യേക പരിഗണന നൽകി സാമൂഹ്യ പുന:രധിവാസം ഉറപ്പാക്കേണ്ടതുണ്ട്.തയ്യൽ പഠിച്ച് പ്രവർത്തിപരിചയമുള്ള ട്രാൻസ്ജൻഡർ വ്യക്തി കൾക്ക് സ്വയം തൊഴിൽ കണ്ടെത്തുന്നതിനായി തയ്യൽ മെഷീൻ വിതരണം ചെയ്യുന്ന പദ്ധതി വകുപ്പ് നടപ്പിലാക്കുന്നു.

എസ് .ആർ. എസ് ധനസഹായം

എസ്.ആർ.എസ് കഴിഞ്ഞ ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് പോഷകാഹാര ത്തിനും തുടർചികിത്സയ്ക്കും സാമ്പത്തിക സഹായം നൽകുന്ന പദ്ധതി

ഡ്രൈവിംഗ് പരിശീലനം

സംസ്ഥാനത്തെ ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് സ്വയം തൊഴിൽ കണ്ടെത്തി ഉപജീവനമാർഗ്ഗം കണ്ടെത്തുന്നതിനായി ഡ്രൈവിംഗ് പരിശീലനം നൽകുന്ന പദ്ധതി സാമൂഹ്യ നീതി വകുപ്പ് നടപ്പിലാക്കി വരുന്നു.

PSC പരീക്ഷയിൽ അപേക്ഷിക്കുന്നതിനായി ട്രാൻസ്ജെൻഡർ കോളം ഉൾപ്പെടുത്തുന്നതിന് സർക്കാർ അനുമതി.

ട്രാൻസ്ജെഡർ വിദ്യാർത്ഥികൾക്ക് താമസ സൗകര്യം നൽകു.

ട്രാൻസ്ജെഡർ ദമ്പതികൾക്ക് വിവാഹ ധനസാഹായം നൽകുക

ട്രാൻസ്ജെഡർ വ്യക്തികൾ, വിദ്യാഭ്യാസസ്ഥാപനങ്ങളിൽ സംവരണം.

ഡ്രൈവിംഗ് ലൈസൻസിന് ട്രാൻസ്ജെൻഡർ കോളം.

ട്രാൻസ്ജെഡർ വ്യക്തികൾക്കായി സൗഹൃദ ടോയ്‌ലറ്റുകൾ സ്ഥാപിക്കാൻ സൗകര്യം

ഉടൻ നടപ്പിലാക്കാൻ പോകുന്ന പദ്ധതി

- ആരോഗ്യ ഇൻഷുറൻസ് പദ്ധതി
- സംസ്ഥാനത്തെ 50 സർക്കാർ വിദ്യാലയങ്ങളെ ട്രാൻസ്ജെൻഡർ സൗഹൃദ വിദ്യാലയമായി പ്രഖ്യാപിക്കുന്ന പദ്ധതി